# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2260 – 07/02/2019-ലെ മറുപടിക്ക്

### കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. എസ്. ശബരീനാഥൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക എത്രയാണ്; ഈയിനത്തിൽ 2018 ഡിസംബർ 31 വരെ എന്ത് തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചു; വ്യക്തമാക്കാമോ; | 2018-19 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 8097.99 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പി.എഫ്.എം.എസ് വെബ് പോർട്ടലിലെ കണക്കുകൾ പ്രകാരം 2019 ജനുവരി 31 വരെ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതമായി 3344.16 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ബി | കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് യഥാസമയം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തത് മൂലം കേന്ദ്ര ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഈ സർക്കാർ വന്നതിന് ശേഷം ഈയിനത്തിൽ എന്ത് തുക നഷ്ടമായി; വിശദമാക്കാമോ; | കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ഫണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നത് റീ-ഇംബേഴ്സ്മെന്റ് ആയോ അഡ്വാൻസ് ആയോ ആണ്. റീ-ഇംബേഴ്സ്മെന്റ് ആയി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാനം പദ്ധതികൾ നടപ്പിലാക്കിയതിനു ശേഷം വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നത്. ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ ഇനത്തിലും ഫണ്ട് റിലീസ് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലാകാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചു കൊടുക്കുന്ന മുറയ്ക്ക് ഫണ്ട് |

| | | |
|---|---|---|
| | | കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെങ്കിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പൂർണ്ണമായും ഉപയോഗിച്ച് തീരാത്ത സാഹചര്യം ഉണ്ടായാൽ, തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടു കൂടി റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ. |
| സി | കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ട് ചെലവഴിച്ചതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് നഷ്ടപ്പെട്ട സാഹചര്യം ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | 2016-17 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതി ചെലവ് സംബന്ധിച്ച അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയതിൽ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ ചില കേന്ദ്രാവിഷ്കൃത പദ്ധതികളിൽ, ശമ്പളവും വേതനവുമായി ബന്ധപ്പെട്ട പദ്ധതി ഘടകങ്ങളിലെ മാർഗ്ഗ നിർദ്ദേശങ്ങളിലുള്ള അവ്യക്തത കാരണം, ഇത്തരത്തിൽ ചെലവാക്കിയ തുകയ്ക്ക് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുവദിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ കാര്യത്തിൽ അക്കൗണ്ടന്റ് ജനറലുമായും കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി പ്രസ്തുത തുകയ്ക്ക് അക്കൗണ്ടന്റ് ജനറലിൽ നിന്നും ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനും ഹെൽത്ത് സർവ്വീസസ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് നടപടികൾ അക്കൗണ്ടന്റ് ജനറൽ പൂർത്തിയാക്കുന്ന മുറയ്ക്കേ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ